ഉത്തരം

(എ &ബി) അംഗപരിമിതർക്കായുള്ള സെൻസസ് പുരോഗമിക്കുകയാണ്. ആയത് പൂർത്തിയാകമ്പോൾ വ്യക്തമായ എണ്ണം ലഭിക്കുന്നതാണ്.

(സി) 3 സംഘടനകൾ പ്രവർത്തിക്കുന്നു :

1. കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്
2. കാസർഗോഡ് ജില്ലാ ബധിര അസോസിയേഷൻ
3. Differently Abled Person Welfare Federation (DAWF) Kasaragod.

(ഡി) മേല്പറഞ്ഞ മൂന്ന് സംഘടനകൾക്കും അംഗീകാരമുണ്ട്.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല

വൈകല്യങ്ങളുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനവും പുനരധിവാസവും

319 (T 1693) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഓട്ടിസം/ ബുദ്ധിമാന്ദ്യം/ മറ്റുവൈകല്യങ്ങൾ എന്നിവ ഉള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനവും പുനരധിവാസവും നൽകുന്നതിനായി നിലവിൽ എന്തൊക്കെ സൗകര്യങ്ങൾ ഉണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത കുട്ടികൾക്ക് റസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) ഓട്ടിസം ബാധിച്ച കുട്ടികൾക്ക് വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ പരിശീലനം നൽകുന്നതിനായി Society for Promoting Alternative Computing and Employment (SPACE) എന്ന സ്ഥാപനംമുഖേന INSIGHT എന്ന പേരിൽ പരിശീലന പരിപാടി നടത്തിവരുന്നു. ബുദ്ധിമാന്ദ്യമുള്ള 4-ാം 16 -ാം ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് സംരക്ഷണം നൽകുന്നതിനായി കോഴിക്കോട് ജില്ലയിൽ HMDC (Home for Mentally Deficient Children) എന്ന സ്ഥാപനം

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിച്ചുവരുന്നു. ടി സ്ഥാപനത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസം, കരകൗശലം എന്നിവ സംയോജിതമായുള്ള പരിശീലനം നൽകിവരുന്നു. ഭിന്നശേഷിയുള്ള കുട്ടികളുടെ വ്യത്യസ്തമായ കഴിവുകൾ കണ്ടെത്തി വിവിധ സാങ്കേതികവിദ്യാ പരിശീലനങ്ങളിലൂടെ സ്വയംപര്യാപ്തമാക്കിയെടുക്കുന്നതിനായി തിരുവനന്തപുരത്ത് ക്രിയ പാരന്റിംഗ് സൊസൈറ്റി എന്ന സന്നദ്ധ സംഘടനമുഖേന പരിശീലനം നൽകിവരുന്നു. 4-നും 16-നും ഇടയിൽ പ്രായമുള്ള കുട്ടികളുടെ സംരക്ഷണത്തിനായി ആലപ്പുഴ, കണ്ണൂർ ജില്ലകളിലായി ബാല വികലാംഗ സദനങ്ങൾ പ്രവർത്തിക്കുന്നു. കാഴ്ചവൈകല്യമുള്ള കുട്ടികൾക്ക് പരിശീലനം നൽകുന്നതിനായി കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് എന്ന സ്ഥാപനവുമായി ചേർന്ന് INSIGHT എന്ന പ്രോജക്ട് നടപ്പിലാക്കുന്നുണ്ട്. തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ സാമൂഹ്യനീതി വകുപ്പിന്റെകീഴിൽ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ഓഫീസിൽ പരിശീലനം നൽകിവരുന്നുണ്ട്.

സ്റ്റേറ്റ് ഇന്നിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ ഭാഗമായി ഇത്തരം കുട്ടികൾക്ക് പ്രത്യേക പരിശീലനവും പുനരധിവാസവും നൽകുന്നതിലേയ്ക്കായി നടപ്പുസാമ്പത്തിക വർഷം 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി പദ്ധതി ആസൂത്രണ ഘട്ടത്തിലാണ്. കൂടാതെ ഓട്ടിസം/ബുദ്ധിമാന്ദ്യം/സെറിബ്രൽപാൾസി എന്നീ വൈകല്യങ്ങൾ ബാധിച്ചവരെയും ഗുരുതരമായ വൈകല്യങ്ങളാൽ കിടപ്പുരോഗികളായവരെയും പരിചരിക്കുന്നവർക്ക് ആശ്വാസകിരണം പദ്ധതിവഴി പ്രതിമാസം 525 രൂപ അനുവദിച്ചുനൽകുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

അനാഥാലയങ്ങളിലെ അന്തേവാസികളുടെ വിദ്യാഭ്യാസ ഉന്നമനം

320 (1694) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നാക്കവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) അനാഥാലയങ്ങളിലെ അന്തേവാസികളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ;

(ബി) ഇവർക്ക് പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് സംവരണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly